**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*89.** **30.10.2019 ൽ മറുപടിയ്ക്ക്**

**ലഹരി വിമുക്ത പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ**<br>**ശ്രീ.എ.എൻ.ഷംസീർ**<br>**ശ്രീ.വി.ജോയി**<br>**ശ്രീ.ജോർജ് എം.തോമസ്** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മയക്കുമരുന്ന്, രാസവസ്തുക്കൾ ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവയുടെ വിതരണ ശൃംഖല തകർക്കുന്നതിനും ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവരെ അതിൽ നിന്നും മുക്തരാക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനം ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വ്യാപനവും തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.<br>മയക്കുമരുന്ന്, രാസവസ്തുക്കൾ, തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിതരണ ശൃംഖല തകർക്കുന്നതിന് അവയുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നതിനുതകുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പുതുതലമുറയെ നാശോന്മുഖമാക്കുന്ന മയക്ക് മരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ പൊതു സമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ നേടുന്നതിനും അതുവഴി ലഹരി പദാർഥങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടവരെ അതിൽനിന്ന് മോചിപ്പിക്കുന്നതിനായി സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ജില്ലകളിലുമായി ഡീ അഡിക്ഷൻ സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) | എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പുതുതായി കേരള സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ചതിനു പുറമെ സംസ്ഥാന തലത്തിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ലഹരി വിമുക്ത കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കുടുംബശ്രീയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ലഹരി വിരുദ്ധ സന്ദേശ പ്രചരണം വ്യാപകമാക്കുന്നതിനും ഉദ്ദേശ്യമുണ്ടോയെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി സംഘടിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'നാളത്തെ കേരളം ലഹരി മുക്ത കേരളം' എന്ന പേരിൽ ഒരു തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ